ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഫോൺ: 0471-2323198
ഇ-മെയിൽ: jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/113338/18/എച്ച്.എസ്.ഇ തീയതി. 19/03/2019

## സർക്കുലർ

**വിഷയം-** ഹ.സെ.വി. - ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അറിവും അവബോധവും വളർത്തുന്നത് - - ഭരണഘടനാ പഠനക്ലാസ്/ പരിശീലനം സംഘടിപ്പിച്ചത് -ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടിയന്തിര മായി ലഭ്യമാക്കേണ്ടത് - സംബന്ധിച്ച്.

**സൂചന -** 1) 16/11/2018,6/12/2018,01/01/2019,17/01/2019,22/01/2019 തീയതികളിലെ 3001/സിപിഎസ്ടി.എ3/2017/നി.സെ. നമ്പർ കത്തുകൾ.

**2)** 01/12/2018, 13/12/2018, 18/01/2019, 30/01/2019, 15/02/2019എന്നീ തീയതിക ളിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലറുകൾ.

3) 25/01/2019 -ലെ ഡി3/328/ 2018/ പൊ.വി.വ നമ്പർ കത്ത്.

4) 25/01/2019, 01/02/2019 തീയതികളിലെ 2532038/പി.എസ്1/2018/പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.

ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അറിവും അവബോധവും വളർത്തുന്നതിനായി സംസ്ഥാന വ്യാപകമായി സർക്കാർ/എയ്ഡഡ് മേഖലയിലുള്ള ഹൈസ്കൂൾ/ഹയർ സെക്കൻഡറി തലങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭരണഘടനാ പഠന ക്ലാസ് സംഘടിപ്പിക്കുന്നതിനും ക്ലാസ് എടുക്കുന്നതിനുമായി ഈ കാര്യാലയത്തിൽ നിന്ന് സൂചന 2 ലെ സർക്കുലറുകളിലൂടെ അറിയിപ്പ് നൽകിയിട്ടുണ്ട്.

ആയതു പ്രകാരം ആദ്യഘട്ടത്തിൽ ഉൾപ്പെട്ട് നിയമസഭാ സമുച്ചയത്തിൽ വെച്ച് പരി ശീലനം ലഭിച്ച അദ്ധ്യാപകർ ഇതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട മറ്റ് അദ്ധ്യാപ കർക്ക് ഏതൊക്കെ തീയതികളിൽ (എവിടെ വച്ച്) പരിശീലനം നൽകി എന്നതു സംബ ന്ധിച്ചും, ടി അദ്ധ്യാപകർ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഏതൊക്കെ തീയതികളിൽ - ഭരണഘടനാ പഠനക്ലാസ് നൽകി എന്നതിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് ഈ കാര്യാലയത്തിലെ സൂചന 2 ലെ സർക്കു ലറുകളിലൂടെ അറിയിപ്പും നൽകിയിട്ടുണ്ട്.

ഭരണഘടനാ പഠനക്ലാസ് സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകിയ അദ്ധ്യാപകരുടെയും, അദ്ധ്യാപകർക്ക് പരിശീലനം നൽകിയ അദ്ധ്യാപകരുടെയും ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ **cpsta@niyamasabha.nic.in എന്ന ഇ.മെയിൽ വിലാസത്തിൽ 20/03/2019 ന് ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| Name : | A/c No: |
| Bank Name: | Branch: |
| IFSC Code: | Mobile No: |

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (I/c)**
**(അക്കാഡമിക്)**